**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 823** 04-03-2020-ലെ മറുപടി

## പ്രളയ നിയന്ത്രണത്തിനായി പുതിയ അണക്കെട്ടുകൾ

ചോദ്യം
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.അനിൽ അക്കര
ശ്രീ.എ.പി. അനിൽ കുമാർ

മറുപടി
കെ.കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പ് മന്ത്രി

<table>
<tr><td>(എ)</td><td>പ്രളയ നിയന്ത്രണത്തിനായി പുതിയ അണക്കെട്ടുകൾ നിർമ്മിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;</td><td>(എ)<br><br><br><br><br>(ബി)</td><td rowspan="2">ഉണ്ട്. മണിമല, പെരിയാർ,ചാലിയാർ, ചാലക്കുടി, മീനച്ചിൽ, പമ്പാ അച്ചൻകോവിൽ, അട്ടപ്പാടി വാലി ജലസേചന പദ്ധതി, കടമാൻതോട് പദ്ധതി ഉടങ്ങിയ വെള്ളപ്പൊക്ക നിയന്ത്രണ അണക്കെട്ടുകൾ നിർമ്മിക്കാൻ ആലോചിക്കുന്നുണ്ട്. ചാലക്കുടിപ്പുഴയിൽ ഇതു സംബന്ധിച്ച സാധ്യതാപഠനം നടത്തിയിട്ടുണ്ട്. അട്ടപ്പാടിവാലി ജലസേചന പദ്ധതിയുടെ വിശദപദ്ധതി രേഖ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ളവയുടെ സാധ്യതാപഠനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.</td></tr>
<tr><td>(ബി)</td><td>ഏതൊക്കെ നദി/പുഴകളിലാണ് വെള്ളപ്പൊക്ക നിയന്ത്രണ അണക്കെട്ടുകൾ സ്ഥാപിക്കുന്നത്; അത് സംബന്ധിച്ച സാധ്യതാപഠനം പൂർത്തിയായിട്ടുണ്ടോ;</td><td></td></tr>
<tr><td>(സി)</td><td>പ്രളയത്തിൽ അണക്കെട്ടുകളിൽ വന്നടിഞ്ഞ മണൽ മാറ്റി എസ്.ഒ.പി. പ്രകാരം അണക്കെട്ടുകളുടെ സംഭരണശേഷി പൂർവ്വസ്ഥിതിയിലാക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;</td><td>(സി)<br><br><br><br><br><br>(ഡി)</td><td rowspan="2">സ.ഉ(കൈ) നം. 49/2019/ജവിവ തീയതി 08/11/2019, സ.ഉ(സാധാ) നം. 919/2019/ജവിവ തീയതി 07/12/2019 എന്നിവ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. കേരളത്തിലെ 10 (പത്ത്) റിസർവോയറുകളിൽ നിന്നും ഡീസിൽറ്റേഷൻ നടത്തുന്നതിനുവേണ്ടിയുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള താൽപ്പര്യപ്പത്രം ക്ഷണിച്ചിട്ടുണ്ട്. മംഗലം ഡാമിലെ ചെളിയും മണലും നീക്കം ചെയ്യുന്നതിനുള്ള ആഗോള കരാർ ക്ഷണിച്ചിട്ടുണ്ട്.</td></tr>
<tr><td>(ഡി)</td><td>പൈലറ്റ് പദ്ധതിയായി മംഗലം, ചുള്ളിയാർ ഡാമുകളിൽ ഡീ സിൽറ്റിംഗ് നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസി മുഖേനയാണ് അത് നടപ്പിലാക്കിയതെന്നും അത് പ്രകാരം ലഭിച്ച മണൽ എപ്രകാരമാണ് വിൽപ്പന നടത്തിയതെന്നും വ്യക്തമാക്കുമോ?</td><td></td></tr>
</table>

**സെക്ഷൻ ഓഫീസർ**